# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **596**</u>

**29.10.2019 ൽ മറുപടിക്ക്**

<u>തോട്ടംമേഖലയിലെ ക്വാറികൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തോട്ടഭൂമിയിൽ ഖനനം പാടില്ലായെന്ന ഹൈക്കോടതി വിധിയിൽ ക്വാറി ഉടമകൾ നൽകിയിരുന്ന അപ്പീൽ സുപ്രീംകോടതി തള്ളിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ഭൂപരിഷ്കരണ നിയമ പ്രകാരം 15 ഏക്കറിൽ കൂടുതൽ ഭൂമി വാണിജ്യ ആവശ്യങ്ങൾക്കായി കൈവശം വയ്ക്കുവാൻ ലഭിക്കുന്ന ഇളവ്, ക്വാറി പ്രവർത്തനങ്ങൾക്ക് ബാധകമല്ലായെന്ന് 16.11.2018 തീയതിയിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. കെ.എച്ച് നാസർ എന്ന വ്യക്തി ബഹു. സുപ്രീംകോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ, 30.09.2019 തിയതിയിലെ വിധിന്യായം പ്രകാരം ബഹു. സുപ്രീംകോടതി, ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും, അപ്പീൽ തള്ളുകയും ചെയ്തിരുന്നു. |
| (ബി) ഭൂപരിഷ്കരണനിയമത്തിൽ വ്യാവസായിക ഭൂമിക്കുള്ള ഇളവ് ക്വാറികൾക്ക് കിട്ടുകയില്ലായെന്നുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 15 ഏക്കറിൽ കൂടുതലുള്ള ക്വാറികൾ ഒരു വ്യക്തിക്ക് കൈവശം വയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കരിങ്കൽ ഖനനത്തിന് അനുമതി നൽകുവാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് സുപ്രീംകോടതി വിധി തിരിച്ചടിയായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | 30.09.2019 തിയതിയിലെ ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന്, ആയത് സംബന്ധിച്ച നിയമവശം വിശദമായി പരിശോധിച്ച ശേഷം മാത്രമേ, തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ക്വാറികൾ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (ഡി) | 16.11.2018 തിയതിയിൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചതിനുശേഷം, റവന്യൂ രേഖകളിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് താലൂക്ക് ലാന്റ് ബോർഡിൽ നിന്നുള്ള Exemption നിർബന്ധമാക്കിയിരുന്നു. പ്രസ്തുത വിധി പുറപ്പെടുവിക്കുന്നതിന് മുമ്പ് ക്വാറിയിംഗ് ഒരു Commercial Activity ആയി പരിഗണിക്കാമെന്ന ബഹു.ഹൈക്കോടതി ഉത്തരവാണ് ഉണ്ടായിരുന്നത്. അതിനാൽ 16.11.2018 തിയതിയിലെ ഉത്തരവ് |

പുറപ്പെടുവിക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന രേഖകൾ പ്രകാരം ഭൂമി Assigned Land ആണോ Paddy and Wet Land Act ന്റെ പരിധിയിൽ വരുന്ന ഭൂമിയാണോ എന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ആയതിനാൽ, "തോട്ടം" വിഭാഗത്തിൽപ്പെടുന്ന ഭൂമിയിൽ എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കൃത്യമായ വിവരം പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതുണ്ട്.

(ഇ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഇ) കോടതി ഉത്തരവു ലഭ്യമായതിനുശേഷം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കി തുടർ നടപടി പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ